**സബ്മിഷൻ**

1. പ്രളയ ദുരിതാശ്വാസ ഫണ്ട് പുനഃസ്ഥാപിക്കൽ

ശ്രീ. ടി. ജെ. വിനോദ്: സർ, എന്റെ നിയോജകമണ്ഡലമായ എറണാകുളത്തെ ചേരാനല്ലൂർ പഞ്ചായത്തിലെ വിഷയമാണ് ഈ സബ്മിഷനിലൂടെ സഭയുടെ മുമ്പാകെവയ്ക്കുന്നത്. 2018-19-ൽ വെള്ളപ്പൊക്ക ദുരിതമനുഭവിച്ച പഞ്ചായത്താണ് ചേരാനല്ലൂർ പഞ്ചായത്ത്. അതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ ദുരിതാശ്വാസ പദ്ധതിപ്രകാരം പൊതുഫണ്ടായി ഒരുകോടി രൂപ അനുവദിക്കുകയുണ്ടായി. അതുപ്രകാരം, പഞ്ചായത്ത് കമ്മിറ്റി കൂടുകയും ആ പഞ്ചായത്തിലെ ഏറ്റവും കാലപ്പഴക്കംചെന്ന ഒരു കമ്യൂണിറ്റി ഹാൾ പൊളിച്ച് പുതിയതായി പണിയുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. കോവിഡിനും പ്രളയത്തിനുമെല്ലാം പുനരധിവാസ കേന്ദ്രമായിരുന്നു ഈ കമ്മ്യൂണിറ്റി ഹാൾ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വന്നസമയത്ത് ഒരു പോളിംഗ് സ്റ്റേഷനായി പ്രവർത്തിച്ചിരുന്നതിനാൽ ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഇത് പൊളിച്ച് പുനർനിർമ്മിക്കുന്നതിന് കാലതാമസം നേരിട്ടത് വാസ്തവമാണ്. പ്രസ്തുത പദ്ധതിക്കായി എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച് ടെണ്ടർ ചെയ്യുകയും

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തു. ഏകദേശം 17 ലക്ഷം രൂപ ഇതിൽനിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2-8-2021-ൽ സർക്കാരിന്റെ 1456/21 എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം, സ്പിൽ ഓവർ പദ്ധതികളെ സംബന്ധിച്ച് ഉത്തരവിൽ പറയുന്ന നാലാം ഭാഗത്ത്, പ്രസ്തുത തുക 2021-22-ൽ സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്ത് നൽകില്ലെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക ഒന്നുകിൽ ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നോ അല്ലെങ്കിൽ തനതുഫണ്ടിൽനിന്നോ കണ്ടെത്തണമെന്നാണ് ആ ഉത്തരവിൽ പറയുന്നത്. തനത് ഫണ്ട് എന്നുപറഞ്ഞാൽ, പ്രോപ്പർട്ടി ടാക്സ് മാത്രമുള്ളതും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ഒരു ചെറിയ പഞ്ചായത്താണ്. അവിടെ എന്തെങ്കിലും വികസനം നടക്കുന്നത് പ്ലാൻ ഫണ്ടിലൂടെയാണ്. പ്രളയത്തിൽ എല്ലാംനഷ്ടപ്പെട്ട പഞ്ചായത്തിന് ഒരു കോടി രൂപ സർക്കാരിൽനിന്ന് കിട്ടിയത് വലിയ സഹായമായിരുന്നു. ആ തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോഴാണ് ഉത്തരവ് വന്നിട്ടുള്ളത്. അതിനാൽ, ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത വിഷയത്തിൽ ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ, കേരളത്തിലെ പല പഞ്ചായത്തുകൾക്കും ഇത്തരം അനുഭവമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനാൽ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ആ ഉത്തരവിൽ 2021-22 സാമ്പത്തിക വർഷത്തിൽ ക്യാരി ഓവർ ചെയ്തുകൊടുത്ത് ഈ പണം വിനിയോഗിക്കാനുള്ള അനുമതി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2018-ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത്/നഗരസഭ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിന് 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. സഹായത്തിനർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനും ഫണ്ട് വിഭജിച്ചുനൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം

250 കോടി രൂപ അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചുനൽകുകയും ഫണ്ട് വിനിയോഗത്തിന് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. ഉപജീവന മാർഗ്ഗമില്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള ജീവനോപാധികൾ, പ്രോജക്ടുകൾ നടപ്പാക്കുന്നതിന് മുൻഗണന ഇതിന്റെ ഭാഗമായി മുന്നോട്ടുവച്ചു. പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. ആ പദ്ധതിയാണ് ചേരാനല്ലൂർ പഞ്ചായത്തിൽ അനുവദിച്ചത്. 2019 ഡിസംബറിലാണ് ഫണ്ട് അനുവദിച്ചത്. പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് മൂന്നുമാസത്തെ സമയമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആ വർഷം ലഭിച്ചത്. അതുകൊണ്ടുതന്നെ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. തദ്ദേശഭരണ സ്ഥാപനങ്ങളാവശ്യപ്പെട്ടപ്രകാരം പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് 2020-21-ഓടുകൂടി സർക്കാർ അനുവദിക്കുകയുണ്ടായി. ഇതനുസരിച്ച് 2019-20 ചെലവഴിക്കാൻ കഴിയാത്ത 201.07 കോടി രൂപ 2020-21-ൽ വീണ്ടും

അനുവദിച്ചു. ഒരു സാമ്പത്തിക വർഷം അനുവദിക്കുന്നതിൽ മാർച്ച് 31-ന് ചെലവഴിക്കാൻ കഴിയാത്ത തുക നഷ്ടപ്പെടുന്ന രീതിയാണ് വകുപ്പുകളിൽ നിലവിലുള്ളത്. പൂർത്തിയാകാത്ത സ്പിൽ ഓവർ പ്രോജക്ടുകളുണ്ടെങ്കിൽ അതിനുള്ള വിഹിതം അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തണം. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ ഉദാരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ചില മാനദണ്ഡങ്ങൾക്കുവിധേയമായി സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ഒരു നിശ്ചിത ശതമാനം തുക ക്യാരി ഓവറായി അടുത്ത വർഷം അനുവദിക്കും. ഇതാണ് പൊതുരീതിയെങ്കിലും പ്രളയ ഫണ്ടിന്റെ കാര്യത്തിൽ 2019 മാർച്ച് 31-ന് ചെലവഴിക്കാൻ കഴിയാത്ത തുക 2020-21-ൽ അനുവദിച്ചിട്ടുണ്ട്. 15 മാസത്തെ സമയം ലഭിച്ചിട്ടും പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകളുണ്ടെങ്കിൽ അവ 2021-22-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് കണ്ടെത്തണമെന്ന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രളയ ഫണ്ടിൽ സ്പിൽ ഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി 2021-22 വർഷത്തെ പദ്ധതി

ക്രമപ്പെടുത്തുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. ചേരാനല്ലൂർ പഞ്ചായത്തിൽ വേറെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതെന്താണെന്ന് പരിശോധിക്കാം.

## 2. ഭൂമിതരംമാറ്റ അപേക്ഷ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാനത്തെ ഭൂമിതരംമാറ്റ അപേക്ഷകളിൽ തീരുമാനമെടുക്കാതെ 27 ആർ.ഡി.ഒ. ഓഫീസുകളിലായി 7563 അപേക്ഷകൾ കെട്ടിക്കിടക്കുകയാണെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. ഇതിൽ എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി, ആലുവ ഓഫീസുകളിൽ മാത്രം 13450 അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ആർ.ഡി.ഒ. ഓഫീസിൽ 7882 അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. ആകെ 70563 അപേക്ഷകൾ കെട്ടിക്കിടക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. കണക്കിൽ ചില വ്യത്യാസങ്ങൾ വരുമെങ്കിലും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കാതെ അനിശ്ചിതമായി നീളുകയാണ്. 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റുന്നതിന് ഫീസ് ആവശ്യമില്ല, സൗജന്യമാണ്. ഇക്കാര്യത്തിലും വ്യക്തതക്കുറവുണ്ടെന്ന് മനസ്സിലാക്കുന്നു.

ഇതിന് തീരുമാനമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എല്ലാ ജില്ലകളിലെയും എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി യോഗങ്ങൾ നടത്തിയിരുന്നത് വളരെ സ്വാഗതാർഹമാണ്. പക്ഷേ, ആ യോഗത്തിലും ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. കാര്യമായ പുരോഗതിയുണ്ടാകുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിനാൽ വിവിധ ആർ.ഡി.ഒ. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ അടിയന്തരമായൊരു തീരുമാനമുണ്ടാകണം. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള കാലതാമസമൊഴിവാക്കാൻ ജില്ലാകളക്ടർമാരുടെയും റവന്യൂ ഓഫീസർമാരുടെയും പ്രത്യേക ഫയൽ തീർപ്പാക്കൽ ക്യാമ്പുകളും അദാലത്തുകളും സംഘടിപ്പിച്ച് ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയിരക്കണക്കിന് ആളുകളാണ് ഈ തീരുമാനം കാത്തുനിൽക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. ഞാനൊരിക്കൽ ഉന്നയിച്ചപ്പോൾ ഞാൻ അത്ര ലൈവല്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അങ്ങ് ലൈവാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം ചില കണക്കുകളിൽ തെറ്റുണ്ടെങ്കിലും പറഞ്ഞതിനേക്കാൾ വളരെ ഗൗരവമുള്ളതാണ്. അക്കാര്യത്തിൽ റവന്യൂ വകുപ്പ് വളരെ ലൈവായിത്തന്നെ അടിയന്തരവും വളരെ വേഗതയുമാർന്ന നടപടികളിലേയ്ക്ക് കടന്നിട്ടുണ്ട്. ഇടക്കാലത്ത് ഒരു പ്രതിസന്ധിയുണ്ടായിരുന്നെങ്കിലും അത് തരണം ചെയ്തുവരാനുള്ള സമയം എടുത്തതിനാലാണ് പ്രശ്നമുണ്ടായത്.

സംസ്ഥാനത്തെ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റുന്നതിനായി 27 (എ) പ്രകാരമുള്ള 50,902 അപേക്ഷകളും 4 (ഡി) പ്രകാരമുള്ള 27,639 അപേക്ഷകളും ഉൾപ്പെടെ ആകെ 78,541 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. വില്ലേജ് ഓഫീസുകൾ, കൃഷി ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്ഥല പരിശോധനയുൾപ്പെടെയുള്ള നിയമപരമായ വിവിധ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമെ ഈ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ

സാധിക്കുകയുള്ളൂ. പൊതു തെരഞ്ഞെടുപ്പ്, കോവിഡ്-19 എന്നിവ കാരണം ഏർപ്പെടുത്തേണ്ടിവന്ന ലോക്ഡൗൺ നിയന്ത്രണങ്ങൾ തുടങ്ങിയ സാഹചര്യങ്ങൾമൂലമാണ് പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. കൂടാതെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ 14312/2019-മേൽ 2021 ജനുവരി 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി ഭൂവിസ്തൃതി 25 സെന്റ് വരെയുള്ള അപേക്ഷകളിൽ ഫീസ് സൗജന്യമാക്കിയും പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനുള്ള ഫീസ് ഏകീകരിച്ചുകൊണ്ടും 25-02-2021-ലെ സാധാരണ ഉത്തരവ് 1166/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 21-4-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021 പ്രകാരം വിജ്ഞാപനം ചെയ്യുകയുമുണ്ടായി. തുടർന്ന്, എസ്.ആർ.ഒ. 369/2021-ന് വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി റവന്യൂ ഡിവിഷണൽ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ആയതിന്റെ

അടിസ്ഥാനത്തിൽ 23.07.2021-ലെ റവ-P1/117/2021- റവന്യൂവകുപ്പിന്റെ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ തരംമാറ്റത്തിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ 25.09.2021-ന് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം വീഡിയോ കോൺഫറൻസ് മുഖാന്തരം നടത്തുകയും മേൽപ്പറഞ്ഞ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം ലഭ്യമാക്കിയ കണക്കനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ തീർപ്പാക്കാൻ അന്നേദിവസംവരെ ബാക്കിയുള്ള (78541) തരംമാറ്റ അപേക്ഷകളുടെ കണക്ക് വിവരിച്ചുള്ള പട്ടിക അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കൂടാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ പരമാവധി 7 പേരെ അനുവദിച്ച് മേൽപ്രകാരമുള്ള അപേക്ഷകൾ 6 മാസംകൊണ്ട്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തീർപ്പാക്കുന്നതിനുള്ള നിർദ്ദേശവും എല്ലാ ജില്ലാ കളക്ടർമാർക്കും പുതിയതായി നൽകിയിട്ടുള്ളതാണ്.

ജീവനക്കാർക്ക് പുറമേ റവന്യൂ-ഡിവിഷണൽ ഓഫീസർമാർക്ക് അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സ്ഥലപരിശോധനയ്ക്കായി വാഹനസൗകര്യങ്ങൾ എന്നിവ ആവശ്യമാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർമാർ അറിയിക്കുകയും ആയതിലേയ്ക്കാവശ്യമായ അപേക്ഷ നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൂടാതെ ടി അപേക്ഷകൾ ഓൺലൈനായി പ്രോസസ് ചെയ്യുന്നതിനും ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ വിലയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത് ഗൗരവമായി ചർച്ച ചെയ്യുന്ന പ്രശ്നമായതുകൊണ്ടാണ് ഞാനിങ്ങനെ വിശദമായി സൂചിപ്പിച്ചത്. അങ്ങിവിടെ സഭയിൽ പറഞ്ഞപ്പോൾ അന്ന് ലൈവല്ല എന്നു ഞാൻ പറയാനുള്ള കാരണം, 23.07.2021-ൽ ഇറങ്ങിയ

ഉത്തരവ് അങ്ങ് അറിഞ്ഞില്ല എന്ന് പറഞ്ഞതുകൊണ്ടാണ്. അത് മറ്റൊരർത്ഥത്തിൽ അങ്ങ് എടുക്കേണ്ടതില്ല. പക്ഷേ 23.07.2021-ൽ ഇറങ്ങിയ ഉത്തരവ് പ്രകാരമുള്ള പ്രശ്നം 25.02.2021-ലാണ് 25 സെന്റിലുള്ളയാളുകൾക്ക് പണമടയ്ക്കേണ്ടതില്ലെന്ന് കോടതി വിധിയനുസരിച്ച് പറഞ്ഞത്. അതിനുമുമ്പ് വന്നിട്ടുള്ള അപേക്ഷകളിൽ ഈ ആനുകൂല്യം കൊടുക്കാൻ പറ്റില്ല എന്ന് നിയമവകുപ്പ് രേഖാമൂലം നൽകിയതുകൊണ്ടാണ് നമുക്കത് കൊടുക്കാൻ കഴിയാത്തത്. എല്ലാ സ്പഷ്ടീകരണവും കൊടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ മന്ത്രിയുടെ തന്നെ മേൽനോട്ടത്തിൽ ആവശ്യമായിട്ടുള്ള യോഗങ്ങൾനടത്തി വേഗതയിൽ നമുക്കവസാനിപ്പിക്കാം.

3. <u>കാർഷിക കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 1957-ൽ രൂപീകരിക്കപ്പെട്ട് 64 വർഷങ്ങൾ പിന്നിട്ടിട്ടും ഉന്നതപഠനത്തിനാവശ്യമായ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജോ എഞ്ചിനീയറിംഗ് കോളേജോ പോളിടെക്നിക് കോളേജോ സർക്കാർ ഉടമസ്ഥതയിലോ എയ്ഡഡ് മേഖലയിലോ ഇല്ലാത്ത സംസ്ഥാനത്തെ ഏകമണ്ഡലമാണ് നെന്മാറ. ഇതുസംബന്ധിച്ച് ഒരു

സബ്മിഷൻ 04.10.2016-ൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ സഭയിൽ ഉന്നയിച്ചിരുന്നു. അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി വളരെ അനുഭാവപൂർവ്വം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരമാണെങ്കിലും കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് ഉറപ്പും നൽകിയിരുന്നതാണ്. പിന്നീട് എസ്.സി.-എസ്.ടി. വകുപ്പ് കാർഷിക കോളേജ് എന്നനിലയിൽ കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് അതിന്റെ പ്രാഥമിക പ്രവർത്തനങ്ങളാരംഭിച്ചു. കാർഷിക സർവ്വകലാശാലാ വിദഗ്ദ്ധന്മാർ നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് മുതലമടയിൽ അനുയോജ്യമായ രൂപത്തിലുള്ള ഭൂമിയും കെട്ടിടവും കണ്ടെത്തുകയും അതിന്റെ റിപ്പോർട്ട് വകുപ്പിലും കാർഷിക സർവ്വകലാശാലയിലും സമർപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്ന് കാർഷിക സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റിലൂടെ കാർഷിക കോളേജ് അനുവദിക്കുന്നകാര്യം പ്രഖ്യാപിച്ചതാണ്. സീഡ് ഫാമിന്റെ 50 ഏക്കർ ഭൂമി കൃഷിയുമായി ബന്ധപ്പെട്ട് പഠിക്കാൻ കഴിയാവുന്നതരത്തിൽ നിലവിൽ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽത്തന്നെയുണ്ട്. സഖാവ് പിണറായി വിജയൻ

നേതൃത്വം കൊടുക്കുന്ന രണ്ടാം എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ 20% ഫണ്ട് നീക്കിവച്ച് പ്രഖ്യാപിക്കപ്പെട്ട നെന്മാറ നിയോജകമണ്ഡലത്തിലെ ഏകപദ്ധതിയും കാർഷിക കോളേജാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പഠനസൗകര്യങ്ങളുടെയും കാര്യത്തിൽ പിന്നാക്കം നിൽക്കുന്ന മണ്ഡലമെന്ന നിലയിൽ പരിഗണിക്കപ്പെടുന്ന കാർഷിക കോളേജിനെ ഏറെ പ്രതീക്ഷയോടെയാണ് പാലക്കാടിന്റെ കർഷകരും നെന്മാറ നിയോജകമണ്ഡലത്തിലെ ജനങ്ങളും കാത്തിരിക്കുന്നത്. നെന്മാറ നിയോജകമണ്ഡലത്തെ സംബന്ധിച്ച് ആധികാരികമായി എല്ലാതലങ്ങളിലും അറിയപ്പെടുന്ന വകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രിയെന്ന നിലയിൽ പ്രത്യേക താല്പര്യമെടുത്ത് അടിയന്തരമായി ഈ കാർഷിക കോളേജ് അനുവദിക്കുന്നതിനും ആരംഭിക്കുന്നതിനുമാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട നെന്മാറ മെമ്പർ ശ്രീ. കെ. ബാബു ഇവിടെ ഉന്നയിച്ച സബ്മിഷൻ പാലക്കാട് കൊല്ലങ്കോട് നെന്മാറയിൽ

കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ്. കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ടാണ് കാർഷിക കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക ചർച്ചകൾ നടന്നത്. 2018 ജൂലൈയിൽ അന്നത്തെ കൃഷിവകുപ്പുമന്ത്രിയും പിന്നാക്ക പട്ടികജാതി വികസന വകുപ്പുമന്ത്രിയുമായിട്ടുള്ള ഒരു ചർച്ചയ്ക്കുശേഷം 2019 മെയ് മാസത്തിൽ ചേർന്ന യോഗത്തിൽ കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷിവകുപ്പ് ഡയറക്ടറുമായി ചർച്ച നടത്തുകയുണ്ടായി. കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സാധ്യതാ പഠനം നടത്താൻവേണ്ടി അന്ന് തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ പൂർണ്ണതയിലെത്തിയിട്ടില്ല. കൃത്യമായി ഒരു പരിശോധന ഇക്കാര്യത്തിൽ ആവശ്യമുണ്ട്. പട്ടികജാതി -പട്ടികവർഗ്ഗ വികസനവകുപ്പിൽനിന്നുതന്നെയാണ് അതിന്റെ ഫണ്ട് പൂർണ്ണമായും കണ്ടെത്തേണ്ടത്. പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുതന്നെ നിരവധി പ്രശ്നങ്ങൾ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. അതിനിടയിലാണ് കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഒരു കാർഷിക കോളേജ് വകുപ്പിന്റെ

നേതൃത്വത്തിൽ ആരംഭിക്കണമെന്നുള്ള പ്രാഥമിക ചർച്ച നടന്നിരിക്കുന്നത്. നെന്മാറയിൽ ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനവുമില്ലെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യംകൂടി പരിഗണിച്ചുകൊണ്ട് ഈ കാർഷിക കോളേജ് നെന്മാറയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ പരിശോധനാഘട്ടത്തിലാണ്. മറ്റു കാര്യങ്ങൾകൂടി പരിശോധിച്ചുകൊണ്ട് കാർഷികകോളേജ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്.

4. <u>ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥനയായി മുന്നോട്ടുവയ്ക്കുന്നത്. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന താലൂക്കാശുപത്രികളിൽ ഒന്നാമത്തേതാണ് ആലത്തൂർ താലൂക്കാശുപത്രി. തികച്ചും കാർഷിക പ്രാധാന്യമുള്ള ഈ താലൂക്ക് കർഷക തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് രോഗികൾ

ഉള്ളതും ഈ താലൂക്കിനകത്താണ്. ഇപ്പോൾ അവർ ആശ്രയിക്കുന്നത് തൃശ്ശൂർ മെഡിക്കൽ കോളേജിലേയും പാലക്കാട് ജില്ലാ ആശുപത്രിയിലേയും അപൂർവ്വം വരുന്ന സാധ്യതകൾ മാത്രമാണ്. മറ്റെല്ലാം സ്വകാര്യ ആശുപത്രികളാണ്. അവരുടെ ദയനീയമായ അവസ്ഥ ഈ കോവിഡ് കാലത്ത് നേരിട്ട് ബോദ്ധ്യപ്പെട്ടതാണ്. എന്റെ മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര ആരോഗ്യപദ്ധതിയായ 'നന്മ'യുടെ ഭാഗമായി എല്ലാ ഡയാലിസിസ് രോഗികളുടെ വീട്ടിലും ഞാൻ പോയതാണ്. അവരുടെയെല്ലാം വീട്ടിൽ ദയനീയമായ കാഴ്ചകളാണ് കണ്ടത്. ഒരിക്കലും സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്ത് മുന്നോട്ടുപോകാൻ കഴിയാത്ത അതിദാരുണമായ അവസ്ഥ ആ താലൂക്കിൽ നിലനിൽക്കുകയാണ്. അവരെയെല്ലാം നേരിട്ടുകണ്ട ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് നിരവധിതവണ ഈ സഭയിൽത്തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ വിഷയം ഉന്നയിച്ചതാണ്. അതിന്റെ ഭാഗമായിട്ടാണ് 2018-ൽ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത്. 2019-ൽ അതിന്റെ ഏതാണ്ട് എല്ലാ നിർമ്മാണവും പൂർത്തീകരിച്ചു. ഇനി ഒരു ജനറേറ്ററോ സ്കൂവോ സ്വിച്ചോ ഇല്ലായെന്ന

രൂപത്തിലുള്ള വർത്തമാനങ്ങൾ പറഞ്ഞ്, ഇത് ആരംഭിക്കാൻ കഴിയാത്ത അവസ്ഥാവിശേഷം നിലനിൽക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചാണ് ജനങ്ങളോട് പറയാൻ കഴിയേണ്ടത്. അതിനാവശ്യമായ മറുപടി മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എത്രയും പെട്ടെന്ന് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആലത്തൂർ താലൂക്ക് ആശുപത്രിയുൾപ്പെടെ സംസ്ഥാനത്തെ 44 ആശുപത്രികളിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 21.09.2016-ലെ സർക്കാർ ഉത്തരവ് 2587/2016 പ്രകാരം നൽകിയ ഭരണാനുമതിയെത്തുടർന്ന് കിഫ്ബി സാമ്പത്തിക അനുമതി നൽകുകയുംചെയ്തു. പദ്ധതി നടത്തിപ്പിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരുന്നത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖേന ആലത്തൂർ

താലൂക്കാശുപത്രിയിൽ അഞ്ച് ഡയാലിസിസ് കിടക്കകൾ സജ്ജീകരിക്കുന്നതിനായി ഡയാലിസിസ് കേന്ദ്രത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയാക്കി. കൂടാതെ കെ.എം.എസ്.സി.എൽ. (കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്) ഡയാലിസിസ് യൂണിറ്റിനുള്ള ഉപകരണങ്ങൾ ആശുപത്രിയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി അനുവദിച്ച ഡീസൽ ജനറേറ്റർ വിതരണം ചെയ്യുന്നതിന് പെർഫെക്ട് ഹൗസ് എന്ന കമ്പനിക്ക് 23.10.2019-ൽ വിതരണോത്തരവ് കോർപ്പറേഷൻ നൽകിയിരുന്നു. എന്നാൽ ഈ കമ്പനി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായുള്ള മറ്റു വർക്കുകൾ സംബന്ധിച്ച ചില പ്രശ്നങ്ങൾ കാരണം ആലത്തൂർ ആശുപത്രിയിലേയ്ക്കുള്ള ജനറേറ്റർ വിതരണത്തിൽനിന്നും പിന്മാറുകയുണ്ടായി. തുടർന്നുള്ള ദർഘാസിൽ തെരഞ്ഞെടുത്ത Fuji Tech എന്ന കമ്പനിയും കോവിഡ് മഹാമാരിയുടെ കാരണത്താൽ വിതരണക്കരാറിൽനിന്നും പിന്മാറി. ജനറേറ്റർ വിതരണം ചെയ്യുന്നതിനായി കെ.എം.എസ്.സി.എൽ. വീണ്ടും ദർഘാസ് ക്ഷണിക്കുകയും പവർ എഞ്ചിനീയറിംഗ് എന്ന കമ്പനിയെ ക്ഷണിക്കുകയും ചെയ്തു. കഴിഞ്ഞ

സെഷനിൽ ബഹുമാന്യനായ അംഗം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ആലത്തൂരിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുമെന്ന് ഈ സഭയിൽത്തന്നെ ഉറപ്പുനൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കമ്പനിക്ക് ആലത്തൂർ താലൂക്കാശുപത്രിയിൽ ജനറേറ്റർ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് 01.09.2001 -ൽ കെ.എം.എസ്.സി.എൽ. നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനി ഒക്ടോബർ മാസം 20-ാം തീയതിയോടുകൂടി ജനറേറ്റർ ആശുപത്രിയിലെത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവംബർ ആദ്യവാരം അവിടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ ഏറ്റവും ഫലപ്രദമായി നടത്തുവാൻ കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

## 5. ചാവക്കാട് താലൂക്ക് ആശുപത്രി വികസനം

ശ്രീ. എൻ. കെ. അക്ബർ: സർ, 1932 -ൽ സ്ഥാപിച്ച മൂന്ന് ഏക്കർ 26 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ചാവക്കാട് താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ആയിരത്തോളം പേർ ഒ.പി.-യിൽ വരുന്ന, ജില്ലയിലെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രി കൂടിയാണ്. ഈ ആശുപത്രിയിൽ ഗൈനക്കോളജി, ഓർത്തോ വിഭാഗങ്ങളിൽ മാത്രമാണ് കൺസൾട്ടന്റ് പോസ്റ്റുള്ളത്. മറ്റ് വിഭാഗങ്ങളായ മെഡിസിൻ സർജറി, ഇ.എൻ.റ്റി, ഒഫ്താൽമോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിൽ കൺസൾട്ടിംഗ് ഇല്ല. നിരവധി അപകട മരണങ്ങൾ നടക്കുന്ന സ്ഥലമായിട്ടും ആധുനിക രീതിയിലുള്ള മോർച്ചറി കെട്ടിടവും ഫ്രീസർ സംവിധാനങ്ങളുമുണ്ടെങ്കിലും പോസ്‌മാർട്ടം നടത്തുന്നതിന് ഫോറൻസിക് സർജന്റെ സേവനം ആശുപത്രിയിലില്ല. സൈക്യാട്രി, ഡെർമെറ്റോളജി, റേഡിയോളജിസ്റ്റുകൾ എന്നിവരുടെ സേവനങ്ങളൊന്നും ലഭ്യമല്ല. എല്ലാ താലൂക്കാശുപത്രികളിലും ആറുമുതൽ എട്ടുവരെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുള്ളപ്പോൾ വെറും നാലുപേർ മാത്രമാണ് ഈ താലൂക്കാശുപത്രിയിലുള്ളത്. ചാവക്കാട്

നഗരസഭ, 26 കോടി രൂപ ചെലവുവരുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഏഴ് കെട്ടിടങ്ങളുൾപ്പെടുന്ന കോംപ്ലക്സായി 5,327 ച.മീ. ഏരിയാ പുനർനിർമ്മാണവും 2,330 ച.മീ ഏരിയാ നവീകരണമുള്ളതാണ് ഡി. പി. ആർ.. ഇപ്പോൾ ഇതിനുള്ള ഫണ്ട് നബാർഡിലുണ്ട്. ആ ഫണ്ട് ഉപയോഗപ്പെടുത്തി മാസ്റ്റർപ്ലാൻ പ്രകാരമുള്ള 26 കോടി രൂപയുടെ നിർമ്മാണവും പുതിയ കാഷ്വാലിറ്റി, മെഡിക്കലോഫീസർമാർ ഉൾപ്പെടെയുള്ളവരുടെ നിയമനവും നടത്താനുമുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചാവക്കാട് താലൂക്കാശുപത്രിയിൽ 140 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. കോവിഡിന് മുമ്പ് ഇവിടെ ശരാശരി ഒ. പി.യിൽവരുന്നവരുടെ എണ്ണം 860 -ഉം ഐ. പി. യിൽ വരുന്നവരുടെ ശരാശരി എണ്ണം 85- ഉം ആയിരുന്നു. നിലവിൽ ഈ ആശുപത്രി നോൺ കോവിഡ് സേവനങ്ങളും കോവിഡ് ചികിത്സയ്ക്കായ് സി.എസ്.എൽ.റ്റി-ആയും പ്രവർത്തിക്കുന്നുണ്ട്.

ഇപ്പോഴത്തെ ശരാശരി ഒ.പി. 550 -ഉം കോവിഡേതര ഒ. പി. 15 -മാണ്. 18 ഡോക്ടർമാരുൾപ്പെടെ 97 സ്ഥിരം ജീവനക്കാരും 25 താൽക്കാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഇതുകൂടാതെ 24 സ്പെഷ്യാലിറ്റി സർവ്വീസസ് ഇവിടെ നിന്നും ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഡയാലിസിസ് കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ആർദ്രം മിഷന്റെ മാനദണ്ഡപ്രകാരം ഈ ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം മിഷന്റെ ഭാഗമായി ഒരു ജൂനിയർ കൺസൾട്ടന്റ്, മൂന്ന് സ്റ്റാഫ് നേഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ഇ.സി.ജി.ടെക്നീഷ്യൻ, എന്നിങ്ങനെ ആറ് തസ്തികകൾ ഇവിടെ സൃഷ്ടിച്ചിരുന്നു. ഈ ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കാൻ കഴിയുമോയെന്നകാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പിന്നീട് പരിശോധിക്കുന്നതാണ്. ആശുപത്രിയെ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം അനുവദിച്ച 70 ലക്ഷം രൂപയുടെ നിർമ്മാണപ്രവൃത്തികളുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആശുപത്രിയുടെ അടിസ്ഥാന സൗകര്യം

വികസിപ്പിക്കുന്നതിന്റെ ഭാഗമായി മെറ്റേണിറ്റി ബ്ലോക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പവർ ലോൺട്രി സംവിധാനവും പുതിയതായി തയ്യാറായിട്ടുണ്ട്. ചാവക്കാട് താലൂക്കാശുപത്രിയുടെ സമഗ്രവികസനത്തിനായി ചാവക്കാട് മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ രൂപകല്പന ചെയ്ത 26 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ, ബഹുമാനപ്പെട്ട എം. എൽ .എ മുഖാന്തരം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായ് കിഫ്ബി പോലുള്ള ഏതെങ്കിലും ഏജൻസിയുടെ പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പുതിയ കാഷ്വാലിറ്റി ബ്ലോക്ക്, വാർഡുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പോളി ക്ലിനിക് യൂണിറ്റ്, ക്യാന്റീൻ, റോഡുവികസനം, പാർക്കിംഗ് ഏരിയ, നടപ്പാത എന്നിവ ഉൾപ്പെടുന്ന പുതിയ നിർമ്മാണങ്ങളും നിലവിലുള്ള പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഡയാലിസിസ് യൂണിറ്റ്, പേ വാർഡ്, ലേബർ റൂം, എന്നിവയുടെ നവീകരണവും ഫർണിച്ചറുമുൾപ്പെടുന്നതാണ് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിൽ ഉള്ളത്. കിഫ്ബിയുടെ

ധനസഹായത്തോടെയോ നബാർഡിന്റെ ധനസഹായത്തോടെയോ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ചാവക്കാട് താലൂക്കാശുപത്രിയുമായി ബന്ധപ്പെട്ട പദ്ധതികളൊന്നുംതന്നെ നിലവിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇപ്പോൾ സമർപ്പിക്കപ്പെട്ട മാസ്റ്റർപ്ലാൻ വിശദമായി പരിശോധിച്ച്, വ്യക്തമായ ശിപാർശ സഹിതം അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## 6. <u>വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ അട്ടപ്പാടി പ്രദേശങ്ങളും ഷോളയൂർ പഞ്ചായത്തുൾപ്പെട്ട പ്രദേശങ്ങൾ, വർഷത്തിൽ വളരെ കുറച്ച് മഴ ലഭിക്കുന്ന പ്രദേശങ്ങളാണ്. ഇതിനെ മഴനിഴൽ പ്രദേശമെന്നാണ് പറയുന്നത്. അങ്ങനെ വരൾച്ചമൂലം ദുരിതത്തിലായ ഈ പഞ്ചായത്തിലെ മട്ടത്ത്കാട്, വട്ടലക്കി തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരുടെ അഭ്യർത്ഥനമാനിച്ച് ജലസേചന സൗകര്യം

ലഭ്യമാക്കുന്നതിന് 2016-2017 സാമ്പത്തിക വർഷത്തിലെ എം.എൽ.എ, എ.ഡി.എസ്. (Asset Development Scheme) ഫണ്ട് ഉപയോഗിച്ച് വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 75 ലക്ഷം രൂപ അനുവദിക്കുകയും അതിനുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തു. എൽ.എസ്.ജി.ഡി. മുഖേന ടെണ്ടർ ചെയ്ത്, ടെണ്ടർ ഏറ്റെടുത്ത കോൺട്രാക്ടർമാർ ഈ പ്രവൃത്തി വളരെ പതുക്കെ കൊണ്ടുപോയി. മൂന്നുനാല് വർഷം കൊണ്ട് ഒരു കിണറും ചില്ലറ പണികളുമാണ് പൂർത്തിയാക്കിയത്. നാലുനാലര ലക്ഷം രൂപയുടെ പണി പൂർത്തിയാക്കി. ഇപ്പോൾ അവരെ ആ കരാറിൽനിന്നും ഒഴിവാക്കണമെന്ന് പറയുകയാണ്. ഈ പ്രശ്നം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിരന്തരം ഓർമ്മപ്പെടുത്തിയിട്ടും ഇവരെ ഒഴിവാക്കി, റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ ചെയ്യാമെന്ന് പറയുന്നതല്ലാതെ ഇന്നുവരെ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റിവ്യൂ മീറ്റിംഗിലെല്ലാം നിരന്തരമായി പറയാറുണ്ട്, പക്ഷെ പരിഹാരം മാത്രമുണ്ടാകുന്നില്ല. അതുകൊണ്ട് ഇതിൽ അലംഭാവം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാവണം. വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

ഇതുമായി ബന്ധപ്പെട്ടൊരു കാര്യം സൂചിപ്പിക്കാനുള്ളത്, എല്ലാ എം.എൽ.എ .-മാരും ഈ Asset Fund-ന്റെ ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. Asset Fund 2012-ൽ അന്നത്തെ ഗവൺമെന്റ് നൽകിയ വലിയൊരനുഗ്രഹമായിരുന്നു, ഓരോ നിയോജകമണ്ഡലങ്ങൾക്കും. ജനങ്ങൾ പറയുന്ന ഓരോ പ്രശ്നങ്ങളും പരിഹരിച്ചിരുന്നത് ഈ ഫണ്ടുപയോഗിച്ചായിരുന്നു. എന്നാൽ ഈ ഫണ്ട് കൊണ്ടുവന്നപ്പോൾ ഇതിന്റെ മാർഗനിർദ്ദേശങ്ങളിൽ ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു. ഉദാഹരണമായി, നമ്മൾ ഒരു പ്രവൃത്തിക്ക് ഫണ്ടുവച്ച് അതിന് എക്സ്സെസ് വേണ്ടിവന്നാൽ യാതൊരു നിർവ്വാഹവുമില്ല. ഒരു പദ്ധതിക്ക് 30 ലക്ഷം രൂപ വച്ചു, പ്രവൃത്തിയിലേയ്ക്ക് ചെന്നപ്പോൾ അടിയന്തരമായി ചില പദ്ധതികൾ ചെയ്താലേ ആ പദ്ധതി പൂർത്തിയാക്കാൻ സാധിക്കൂ. ഉദാഹരണത്തിന്, ഞാനൊരു സ്കൂളിന് ഫണ്ടുവച്ചു. സ്കൂളിന്റെ പ്രവൃത്തിയുമായി പോയപ്പോൾ വളരെ താഴ്ചയുള്ള പ്രദേശമായതിനാൽ ഒരഡീഷണൽ കെട്ട് വേണ്ടിവന്നു. അഞ്ചാറുലക്ഷം രൂപ അധികമായി വേണ്ടിവന്നു. ആ അഞ്ചാറുലക്ഷം രൂപ ആദ്യമുപയോഗിച്ച് പണിചെയ്തപ്പോൾ സ്കൂൾ ഇപ്പോൾ പൂർത്തിയാകാതെ നിൽക്കുകയാണ്.

അതിനുള്ള എക്സൈസ് തുക എവിടെനിന്ന് കൊടുക്കും? ഞാൻ മറ്റൊരു ഫണ്ട് അതിനായി അറേഞ്ച് ചെയ്ത് കൊടുക്കേണ്ടിവന്നു. കുടിവെള്ള പദ്ധതികൾ. എന്തിനേറെ പറയുന്നു, സ്കൂൾ ബസ്സിന്റെ കാര്യം പരിശോധിക്കാം. സ്കൂൾ ബസ് അനുവദിച്ച് അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി, ബസ് അനുവദിക്കാറാകുമ്പോൾ ഒരു ബസിന് ഒന്നോ രണ്ടോ ലക്ഷം രൂപയുടെ വ്യത്യാസമുണ്ടാകും. ആ തുക ആരുകൊടുക്കും; എവിടെ നിന്ന് കൊടുക്കാൻ കഴിയും? ഇന്നത്തെ കണക്കുപ്രകാരം അസെറ്റ് ഫണ്ട് വിനിയോഗത്തിൽ ഇതിനൊന്നും ഒരു വഴിയുമില്ല. ഇപ്പോൾ ഞാൻ മൂന്ന് സ്കൂളുകളിലേയ്ക്ക് ബസ് അനുവദിക്കുന്നതിനുള്ള തുക പാസ്സാക്കിയിരിക്കുകയാണ്. 16 ലക്ഷം രൂപാവീതം ആവശ്യമായിവരും. ഇന്ന് അതിന്റെ വില 18 ലക്ഷം രൂപയാണ്. രണ്ട് ലക്ഷം രൂപകൂടി അധികം കൊടുത്താലെ ബസ് കിട്ടുകയുള്ളൂ. കോവിഡ് കാരണം സ്കൂളുകൾ പൂട്ടിക്കിടന്നതുകൊണ്ട് ഇതുവരെ പ്രശ്നമില്ലായിരുന്നു. സ്കൂൾ തുറക്കാൻ തീരുമാനമായപ്പോൾ ഹെഡ്മാസ്റ്റർമാരും പി.റ്റി.എ-ക്കാരും വിളിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളൊരു കാര്യം, ഇപ്പോൾ ഒരു കോടി രൂപവരെയുള്ള തുക അനുവദിക്കുന്നതിന്

കളക്ടർക്കാണ് ചുമതല. ഈ Asset Fund കളക്ടറുടെ കീഴിലുള്ള ഒരു പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റുക. ഈ Asset Fund-ന്റെ എല്ലാ തുകയും അതിലേയ്ക്ക് പൂൾ ചെയ്യുക. അഡീഷണലായി പണം വേണ്ടിവന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റോടുകൂടി അത് കൊടുക്കാനുള്ള സ്വാതന്ത്ര്യം കളക്ടർക്ക് കൊടുക്കുക. ഒരു റിവൈസിഡ് എസ്റ്റിമേറ്റ് അങ്ങയുടെ വകുപ്പിൽനിന്നും ഇവിടെ വന്ന് ചുറ്റിത്തിരിഞ്ഞ് പോകണമെങ്കിൽ ഒരു കൊല്ലം വേണ്ടിവരും. അതുകൊണ്ട് Asset Fund എന്നതിന്റെ ഉദ്ദേശ്യം നടക്കാതെ പോകുകയാണ്. അതുപോലെതന്നെ കാലതാമസമൊഴിവാക്കുന്നതിന്, എല്ലാവർക്കും വേണ്ടിയാണ് പറയുന്നത്. അക്രെഡിറ്റഡ് ഏജൻസികൾക്ക് കൊടുക്കണമെന്ന് പറയുകയാണ്. ഇതുപറയുമ്പോൾ ചിലപ്പോൾ ഐ.എൽ.എ.-മാരെക്കുറിച്ച് ആക്ഷേപം പറഞ്ഞേക്കാം. അക്രെഡിറ്റഡ് ഏജൻസിക്ക് കൊടുക്കാൻ എം.എൽ.എ-മാർക്ക് എന്ത് അധികാരമെന്നാണ് ചോദിക്കുന്നത്. എം.എൽ.എ എന്തിനാണ് ഈ അധികാരമുപയോഗിക്കുന്നതെന്ന് ചോദിച്ചാൽ, LSGD-യ്ക്ക് ടെണ്ടറിന് കൊടുത്തശേഷം ഏത് കാലത്ത് ഈ പണി പൂർത്തിയാക്കാൻ കഴിയും? രണ്ടുമൂന്ന് കൊല്ലമെടുത്ത് ഈ പണി പൂർത്തിയാകുമ്പോഴെക്കും ഈ

പറഞ്ഞ എക്സൈസിന്റെ പ്രശ്നം വരും. അക്രെഡിറ്റഡ് ഏജൻസികൾക്ക് കൊടുത്താൽ, അക്രെഡിറ്റഡ് ഏജൻസി ഞങ്ങളുടെയാരുടേയും കുടുംബക്കാരൊന്നുമല്ല. ഈ സർക്കാരിന്റെ പൊതുമേഖല സ്ഥാപനങ്ങളാണ്. അവർക്കുകൊടുത്താലുള്ള ഗുണമെന്തെന്ന് വച്ചാൽ പെട്ടെന്ന് ഈ പണി പൂർത്തിയാക്കാൻ കഴിയും. ഞങ്ങൾക്ക് സ്പീഡി സൊല്യൂഷനാണാവശ്യം നിങ്ങൾ വേറെയെന്തെങ്കിലും മാർഗ്ഗമുണ്ടാക്കി പെട്ടെന്ന് പരിഹരിക്കുമെങ്കിൽ അതിൽ കുഴപ്പമില്ല. അതുകൊണ്ട് ഇത് സമയം വൈകുന്തോറും എക്സൈസിന്റെ പ്രശ്നം വരും, അത് കൊടുക്കാൻ കഴിയാതെ വരുമ്പോൾ പദ്ധതി മുടങ്ങിപ്പോകാനിടവരും. അതുപോലെ ബില്ല് മാറികിട്ടേണ്ടൊരു പ്രശ്നം ഇതിന്റെ കോൺട്രാക്ടർമാർ പറയുന്നുണ്ട്. അതും ജില്ലാതലത്തിലാക്കിയാൽ സൗകര്യമാകുമായിരുന്നു. ഒരുകോടി രൂപയിൽ താഴെയുള്ളതെന്നാണ് അവർ പറയുന്നത്. ഞാൻ ഒരു നിർദ്ദേശം കൂടി വയ്ക്കാം. ധനകാര്യവകുപ്പിലെ നോഡൽ 'ബി' നോഡൽ 'സി' ഈ വകുപ്പുകൾ ഈ പ്രവൃത്തികൾ മോണിറ്റർ ചെയ്യണമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ഇവിടെയൊരു മോണിറ്ററിംഗും നടക്കുന്നില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത്,

എം.എൽ.എ നിർദ്ദേശം നല്കി ഒരു വർഷത്തിനുള്ളിൽ ഏത് പ്രവൃത്തിയായാലും അത് പൂർത്തീകരിക്കണം. അത് ഈ പറഞ്ഞ നോഡൽ ഡിപ്പാർട്ടുമെന്റുകൾ മോണിറ്റർ ചെയ്യണം. ഒരു കാരണവശാലും ഒരു പ്രവൃത്തിയും രണ്ടുവർഷത്തിൽ അധികരിക്കരുതെന്നൊരു നിലയുമുണ്ടാകണം. ഇതിന് വേണ്ടിയൊരു സംവിധാനവും ഈ അസെറ്റ് ഫണ്ടിന്റെ വിനിയോഗത്തിനായ് ഒരു സ്ട്രക്ചറുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് അടിയന്തരമായി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ ഈ സബ്മിഷൻ മണ്ണാർകാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടി-കോട്ടത്തറ വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സംബന്ധിച്ചാണ്. അതു സംബന്ധിച്ച വിശദമായ നോട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെന്നത് 2016-17 ആസ്തിവികസന

+ അനുബന്ധമായി ചേർക്കുന്നു.

പദ്ധതിയിലുൾപ്പെടുത്തി 30-03-2017-ലെ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട പ്രവർത്തിയാണ്. ടി പ്രവർത്തിയുടെ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ട്. 2016-17 എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി പുതുക്കാനുള്ള കാലാവധിയും കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മണ്ണാർകാട് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ധനകാര്യവകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലെ പൊതുവിൽ ഈ വർക്കുകളെ സംബന്ധിച്ചും അസറ്റ് ഫണ്ടുമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങളെക്കുറിച്ചും വിശദമായി പരിശോധിക്കുന്നതാണ്.

## 7. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

ശ്രീ. കെ. ആൻസലൻ: സർ, കെ.എ.എൽ.-ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വ്യവസായമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. 1980-ൽ നയനാർ സർക്കാരിന്റെ

കാലത്താണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊല്യൂഷനുമായി ബന്ധപ്പെട്ട് ഡീസൽ-പെട്രോൾ വാഹനങ്ങൾ ഒഴിവാക്കണമെന്ന നിബന്ധനയുടെ ഭാഗമായി e-Auto ഉല്പാദനത്തിനുള്ള അനുമതി കിട്ടിയ ഏക സ്ഥാപനമാണ് കെ.എ.എൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ടാണ് അതിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചത്. ഉല്പാദനത്തിന്റെ തുടക്കത്തിലേ ഈ മേഖലയിൽ കോവിഡ് കാരണമുണ്ടായ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പ്രധാനമായും അവിടെ നിലനിൽക്കുന്ന വലിയ പ്രശ്നം 1985 മുതലുള്ള ഇ.പി.എഫ്-ന്റെ കുടിശ്ശികയാണ്. ഏകദേശം അഞ്ചുകോടിയിലധികം രൂപ പലിശയടക്കം കൊടുക്കാനുണ്ട്. 2013 മുതൽ റിട്ടയർ ചെയ്ത പെൻഷൻകാരുടെ ആനുകൂല്യമായ രണ്ടുകോടി തൊണ്ണൂറ് ലക്ഷത്തോളം രൂപ കൊടുക്കാനുണ്ട്. ഗ്രാറ്റുവിറ്റി അടക്കം എല്ലാം കൂടെ പത്തുകോടി അറുപത്തിമൂന്ന് ലക്ഷം രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നു. ഇതിന്റെ ഭാഗമായി ഇ.പി.എഫ്.-കാർ അവിടെയുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും ഫ്രീസ് ചെയ്തിട്ടുണ്ട്. ട്രഷറി

അക്കൗണ്ട് പോലും ഫ്രീസ് ചെയ്തതിന്റെ ഭാഗമായി പ്ലാൻ ഫണ്ട് പോലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിൽ അവിടെ നിലനിൽക്കുന്നത്. ഇക്കഴിഞ്ഞ മേയ് മാസം മുതൽ കഴിഞ്ഞ അഞ്ചുമാസക്കാലം ശമ്പളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഭാഗമായി തൊഴിലാളികൾ വലിയ തോതിലുള്ള പ്രയാസത്തിലും ദാരിദ്ര്യത്തിലുമാണ്. ചെറിയൊരു വേതനം പോലും അവർക്ക് ലഭിക്കാത്തതിന്റെ ഭാഗമായിട്ടുള്ള ബുദ്ധിമുട്ടുകൾ കാരണം തൊഴിലാളികളുടെ ഇടയിൽ നിന്നും വലിയ തോതിലുള്ള പ്രതിഷേധം ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എൺപത് ലക്ഷത്തിലധികം രൂപ വിവിധഘട്ടങ്ങളിൽ ഇ.പി.എഫ്. റിക്കവറിയുടെ ഭാഗമായി അവർ പിടിച്ചെടുത്തിട്ടുണ്ട്. 1985-ൽ എസ്.ബി.ഐ.-യിൽ നിന്നെടുത്ത ബാങ്ക് വായ്പ കുടിശ്ശിക ഭീമമായ പലിശയുമായി നിലനിൽക്കുന്നുണ്ട്. ഏകദേശം 20-25 കോടിയോളം രൂപയുടെ ബാദ്ധ്യത ആ സ്ഥാപത്തിന്റെ മുന്നോട്ട് പോക്കിന് പ്രതികൂലമായി നിൽക്കുന്നുണ്ട്. ഒരു One Time Settlement-ന് KSFE-യെയോ KSIDC-യെയോ ഉപയോഗപ്പെടുത്തി ലോൺ ലഭ്യമാക്കിക്കൊണ്ട് ആ പ്രശ്നങ്ങൾ പരിഹരിക്കാനായി ഗവൺമെന്റ്

ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. 482-ൽ അധികം ജീവനക്കാരുണ്ടായിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 100-ൽ താഴെ ജീവനക്കാർ ആയി മാറിയിട്ടുണ്ട്. ജനറൽ മാനേജർ അടക്കമുള്ള പ്രധാനപ്പെട്ട 10 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. 10 വർഷമായി നിയമനം നടത്താൻ കഴിയുന്നില്ല. കോടതിയുടെ ഇടപെടലിന്റെ ഭാഗമായി പെൻഷനായവരുടേയും യൂണിയനുകൾ നടത്തിയ ഇടപെടലുകളുടേയും ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടതി പുതിയ നിയമനങ്ങൾ തടസ്സപ്പെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ സ്റ്റാഫുകൾ അടക്കമുള്ള ആളുകളുടെ കുറവ് വ്യവസായത്തിന്റെ മുന്നോട്ട് പോക്കിന് വലിയതോതിൽ തടസ്സമായി നിൽക്കുന്നു. e-Auto വിതരണം, സർവ്വീസ്, ചാർജ്ജിംഗ് തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വളരെപ്പെട്ടെന്നുതന്നെ കഴിഞ്ഞ നിയമസഭാസെഷനിൽ അവിടെ സന്ദർശിക്കുകയും പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇതോടൊപ്പം ഈ സ്ഥാപനത്തെ തകർക്കാനായി കോർപ്പറേറ്റ് മുതലാളിമാരും സ്വകാര്യ e-Auto രംഗത്ത് നിൽക്കുന്നവരും സ്ഥാപനത്തിനെതിരെ വ്യാജപ്രചരങ്ങൾ നടത്തുന്നുണ്ട്. വലിയ

സാധ്യതയുള്ളൊരു സ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ്. ഇപ്പോൾ ISRO-യുടേയും കയർബോർഡിന്റേയും വർക്കുകളാണ് ഈ കമ്പനിയിൽ ചെയ്യുന്നത്. ഈ മേഖലയിൽ അങ്ങനെ ഒരുപാട് സാദ്ധ്യതയുണ്ട്. നമ്മുടെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റീൽ ഇൻഡസ്ട്രീസിനകത്ത് സ്റ്റീൽ ഫർണിച്ചർ ഉല്പാദിപ്പിക്കാൻ കഴിയുന്ന സാദ്ധ്യതയുണ്ട്. പത്തേക്കറിലധികം വരുന്ന ഭൂമി അവിടെ നിലവിലുണ്ട്. അതുകൊണ്ട് ഈ പ്രധാനപ്പെട്ട വ്യവസായത്തെ സംരക്ഷിക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും കാര്യക്ഷമമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നല്ലൊരു സാദ്ധ്യതയുള്ള സ്ഥാപനമായിട്ടാണ് കെ.എ.എൽ.-നെ ഗവൺമെന്റ് കാണുന്നത്. പ്രത്യേകിച്ചും ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കുള്ള വിപണിയായി ആ സ്ഥാപനത്തിന് മാറാൻ കഴിയണമെന്ന അഭിപ്രായം തന്നെയാണ് ഗവൺമെന്റിനും. ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ കുറേക്കാലമായി അഞ്ചുകോടി എൺപത്തിയേഴ് ലക്ഷത്തിന്റെ ഇ.പി.എഫ്. ഗ്രാറ്റുവിറ്റി

കുടിശ്ശികകൾ അവിടെ നിലനിലക്കുന്നുണ്ട്. 2013 മുതലുള്ള ഗ്രാറ്റുവിറ്റിയുടെ കുടിശ്ശികയും നിലനിൽക്കുന്നുണ്ട്. അങ്ങനെയൊരു 14.11 കോടി രൂപയുടെ ബാദ്ധ്യതയാണ് ആ സ്ഥാപനത്തിനുള്ളത്. എന്നാൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 35 കോടി രൂപ E-Auto-യുടെ നിർമ്മാണകാര്യങ്ങൾക്കായി ഗവൺമെന്റ് നൽകിയിരുന്നു. ഇതുകൂടാതെ കോവിഡ് പ്രതിസന്ധിയെ മറികടക്കുന്നതിനുവേണ്ടി 5 കോടി രൂപ നൽകി. അതിനുശേഷം ഒരുകോടി രൂപ നൽകി. അങ്ങനെ 41 കോടി രൂപ ആ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഇപ്പോൾ 10 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. പക്ഷേ, ഈ പറയുന്നതുപോലെ വേണ്ടത്ര മുന്നോട്ടുപോകാൻ കഴിയുന്നില്ല. എന്നാൽ നല്ല സാദ്ധ്യകളുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷ ഏറ്റവും മികച്ച രീതിയിൽ അവർക്ക് നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പലപരാതികളും പ്രചാരണങ്ങളും നടക്കുന്നുണ്ടെങ്കിലും അത് നല്ല രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഞാൻ ആ ഓട്ടോറിക്ഷയിൽ സഞ്ചരിക്കുകയുണ്ടായി. വലിയ കുത്തനെയുള്ള കയറ്റം വരെ കയറാൻ സാധിക്കുന്നതരത്തിലുള്ള ഓട്ടോറിക്ഷയാണ് അവിടെ നിർമ്മിച്ചത്. പക്ഷേ, ഒഴിവുകൾ ഉള്ളതുകൊണ്ട്

നിർമ്മാണത്തിന് പ്രതിസന്ധിയുണ്ട്. ഇതെല്ലാം സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഞങ്ങൾ റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ ഗവൺമെന്റിന് ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുകൊണ്ട് ഒരു പുനഃസംഘടന നടത്തണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഒരു പുതിയ യൂണിറ്റ് കണ്ണൂരിൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ പുതിയൊരു സാദ്ധ്യതയുള്ളൊരു സ്ഥാപനമായിട്ടാണ് കെ.എ.എൽ.-നെ കാണുന്നത്. ഇപ്പോൾ ഒരുകോടി രൂപ ശമ്പളം കൊടുക്കുന്നതിലേയ്ക്ക് വേണ്ടി അനുവദിച്ചെങ്കിലും അറ്റാച്ച്മെന്റ് വന്നതുകൊണ്ടുള്ള പ്രതിസന്ധി മറികടക്കാനുള്ള സാദ്ധ്യതകൾ കൂടി ഗവൺമെന്റ് നോക്കുന്നുണ്ട്.

8. <u>കൊച്ചി അഴിമുഖത്തെ അപകടങ്ങൾ</u>

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, സംസ്ഥാനത്തെ തീരദേശത്തെ മത്സ്യമേഖലയിൽ ഏറ്റവുമധികം അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന പ്രദേശമാണ് കൊച്ചി അഴിമുഖം. വൈപ്പിൻ-കൊച്ചി നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടതും സംസ്ഥാനത്തെ ഏറ്റവും പ്രാമുഖ്യം അർഹിക്കുന്നതുമായ മുനമ്പം,

കാളമുക്ക്, തോപ്പുംപടി ഹാർബറുകളിൽനിന്നും മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യബന്ധനയാനങ്ങൾ കൊച്ചിതുറമുഖത്തോടും കൊച്ചി അഴിമുഖത്തോടും ചേർന്നുള്ള പ്രദേശങ്ങളിൽ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമായിരിക്കുകയാണ്. കഴിഞ്ഞ ഒരുമാസത്തിനുള്ളിൽ നടന്ന 4 അപകടങ്ങളിൽ 4 മത്സ്യബന്ധനയാനങ്ങളാണ് അപകടത്തിൽപ്പെട്ട് തകർന്നത്. മുതലപ്പൊഴി തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് സമാനസ്വഭാവമുള്ള ഒരുവിഷയം ഇന്നലെ നമ്മുടെ സഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. അഴിമുഖത്ത് അപകടത്തിൽപ്പെട്ട മത്സ്യബന്ധനയാനങ്ങൾ നീക്കം ചെയ്യാതെ കിടക്കുന്നതിനാലും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണത്തോടെ സ്വാഭാവിക ഒഴുക്ക് നിലച്ചതിന്റെ ഫലമായി രൂപപ്പെടുന്ന മണൽത്തിട്ടകൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കാത്തതും അപകടങ്ങൾക്ക് കാരണമാവുകയാണ്. നീക്കം ചെയ്യപ്പെടാതെ കിടക്കുന്ന മത്സ്യബന്ധനയാനങ്ങളുടെ അവശിഷ്ടങ്ങളിലും മണൽത്തിട്ടകളിലും തട്ടിയാണ് പലപ്പോഴും അപകടങ്ങളുണ്ടാകുന്നത്. മത്സ്യബന്ധനതുറമുഖ മേഖലയിൽ നിന്നുള്ള

കോടിക്കണക്കിന് രൂപയുടെ വരുമാനത്തിന്റെ ഗുണഭോക്താക്കളായ മത്സ്യബന്ധന വകുപ്പും പോർട്ട് ട്രസ്റ്റും തുറമുഖത്തിന്റേയും ജീവനാഡിയായി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നേരിടുന്ന അപകടങ്ങൾക്ക് കാരണമാകുന്ന പ്രശ്നങ്ങൾക്കുനേരെ കണ്ണടയ്ക്കുകയും പരസ്പരം പഴിചാരി ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിവാകാനുമാണ് ശ്രമിക്കുന്നത്. നിലവിൽ പോർട്ട് ട്രസ്റ്റ് കപ്പൽ ചാലുകൾ മാത്രമാണ് ഡ്രഡ്ജ് ചെയ്യുന്നത്. കൊച്ചി തുറമുഖത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽക്കൂടി ഡ്രഡ്ജിംഗ് നടത്തുകയാണെങ്കിൽ മണൽത്തിട്ടകളിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്. നമ്മുടെ തുറമുഖ വകുപ്പിനും മേരിടൈം ബോർഡിനും ഇത് ഏറ്റെടുത്ത് ചെയ്യാവുന്നതുമാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് ജിവനോപാധികൾ വരെ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അടിയന്തരമായി ലഭിക്കേണ്ടതോടൊപ്പം അപകടങ്ങൾക്ക് കാരണമാകുന്ന പ്രശ്നങ്ങൾക്ക് പോർട്ട് ട്രസ്റ്റും തുറമുഖ മത്സ്യബന്ധന വകുപ്പും സംയുക്തമായി പരിഹാരം കാണേണ്ടതാണ്. ഒരു കാര്യം കൂടി

ശ്രദ്ധയിൽപ്പെടുത്തുകയാണ്, Indian Port Act 1908 പ്രകാരം അപകടങ്ങൾ ഉണ്ടായാൽ ബോട്ട് നീക്കം ചെയ്യാനായിട്ടുള്ള അധികാരം ബോട്ടുടമകൾക്കാണ്. എന്നാൽ ഒരു പുതിയ ബിൽ പാർലമെന്റിൽ ചർച്ചയ്ക്കെടുക്കുന്ന സന്ദർഭത്തിൽ നമ്മുടെ തുറമുഖ വകുപ്പും സംസ്ഥാന ഗവൺമെന്റും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പലപ്പോഴും കൊച്ചിതുറമുഖവും കേന്ദ്രഗവൺമെന്റും നമ്മുടെ അധികാരാവകാശങ്ങൾ കവർന്നെടുക്കുന്നൊരു സ്ഥിതിയുണ്ട്. ഈ മേഖലയിൽ അടിയന്തര ശ്രദ്ധ പതിയുകയും പോർട്ടിനായി നോട്ടിഫൈ ചെയ്തിട്ടുള്ള പല ഏരിയയും ഡി-നോട്ടിഫൈ ചെയ്യാനുള്ള ആവശ്യകത ഉയർന്നുവരികയുമാണ്. പല അധികാരങ്ങളും നമുക്ക് കുറഞ്ഞുവരുന്നു എന്നൊരു പ്രശ്നവുമുണ്ട്. നമ്മുടെ ദുരന്തനിവാരണ ഏജൻസിക്കും അതുപോലെ സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ടുമെന്റിനും ആവശ്യമായ ഉപകരണങ്ങളുമെല്ലാം നമുക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ പോർട്ടുപോലും കോൺട്രാക്ട് നൽകിക്കൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്ന ബോട്ടുകൾ നീക്കം ചെയ്യുന്നത്. അതുപോലെ ഇൻഷ്വറൻസിന്റെ കാര്യം, ഇൻഷ്വറൻസ് തുക വളരെ കൂടുതലായതുകൊണ്ട് വ്യക്തിഗത ഇൻഷ്വറൻസും, അതുപോലെ ബോട്ടുകൾ

തകരുമ്പോഴുമെല്ലാം പലപ്പോഴും ലഭിക്കാതെ വരുന്നുണ്ട്. അതിനാൽ ഇത്തരം മേഖലയിൽ നമ്മുടെ ഡിപ്പാർട്ട്മെന്റ് തന്നെ മുൻകയ്യെടുത്ത് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയാൽ നല്ലതായിരിക്കും. അപകടങ്ങളിൽനിന്നും രക്ഷപ്പെടുന്നവരെ രക്ഷിക്കുന്നതിന് മറൈൻ ആംബുലൻസ് സർവ്വീസുകളുടെ സേവനം കൂടുതൽ വ്യാപകമാക്കാനും ഹെലികോപ്റ്റർ ആംബുലൻസ് സർവ്വീസ് ഉൾപ്പെടെ ഏർപ്പാട് ചെയ്യുന്നതിനുമുള്ള സന്ദർഭമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ പലപ്പോഴും നമ്മൾ നേവിയെയാണ് ആശ്രയിക്കുന്നത്. കടലിലുണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്നവരെ രക്ഷപ്പെടുത്താൻ തയ്യാറായി നിൽക്കുന്ന Sea Rescue Gurad ഉണ്ട്. കേരളത്തിൽ നമ്മുടെ വിവിധ ഫിഷറീസ് സ്റ്റേഷനുകളിൽ 50-ഓളം വരുന്ന Sea Rescue Gurad സേവനമനുഷ്ഠിക്കുന്നതായി മനസ്സിലാക്കുന്നു. അവരെ സ്ഥിരപ്പെടുത്തുകയും തുടർ നിയമനങ്ങൾ പി.എസ്.സി. വഴി നൽകാനുമുള്ള നടപടി സ്വീകരിക്കുന്നതിൽ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടലിൽപോകുന്നവരിൽ ഹൃദയസ്തംഭനം കാരണം മരണപ്പെടുന്നവർക്ക് പലപ്പോഴും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ല. കാരണം മരണകാരണം

ഹൃദയസ്തംഭനമാണെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതോടുകൂടി ഈ മേഖലയിലെ പല തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരിതാപകരമായ സ്ഥിതിയുണ്ട്. അതുംകൂടി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, അതീവ ഗൗരവമുള്ള വിഷയമാണ്. എറണാകുളം ജില്ലയിലെ കൊച്ചി മുനമ്പം മേഖലകളിലാണ് കൂടുതലായിട്ട് അപകടങ്ങൾ ഉണ്ടാകുന്നത്. അധിക അപകടങ്ങളും എഞ്ചിന്റെ തെരാറുകൊണ്ടും മറ്റ് സാങ്കേതിക പ്രശ്നങ്ങൾകൊണ്ടുമാണ് ഉണ്ടായിട്ടുള്ളത്. ഈ അപകടങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ എല്ലാം മറൈൻ ആംബുലൻസ്സ് സ്ഥലത്ത് എത്തുകയും അവിടെ മുങ്ങൽവിദഗ്ദ്ധരെ ഏർപ്പാടാക്കി അവിടെ ആവശ്യമായ റസ്ക്യൂ ഓപ്പറേഷൻസ് നടത്തുന്നുണ്ട്. അതിനുശേഷം അവിടെ അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി ഫിഷറീസ് വകുപ്പ് എന്ന നിലവിൽ ബോയിംഗ് സിഗ്നൽ ലൈറ്റും ഒക്കെ സ്ഥാപിച്ച് അപകടം കുറയ്ക്കാനുള്ള സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഈ പറഞ്ഞ നാല് അപകടങ്ങളിലായിട്ട്

നമുക്ക് വലിയ ഭാഗ്യമുണ്ടായി, കാര്യമായ നഷ്ടങ്ങൾ സംഭവിച്ചില്ല. പക്ഷെ ഇവിടെ പറഞ്ഞ ഒരു പ്രശ്നമുണ്ട് 31.08.2021-ൽ അവിടെ രണ്ട് അപകടങ്ങൾ ഉണ്ടായി. ഈ രണ്ട് അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സിഗ്നൽ ലൈറ്റ് അവിടെ സ്ഥാപിച്ചത് ആരോ മുറിച്ചു കളഞ്ഞതുകൊണ്ടാണ് സംഭവിച്ചതെന്നെ റിപ്പോർട്ട് ആണ് കിട്ടിയത്. അവിടെ അത് പുനസ്ഥാപിച്ചു. പതിനൊന്ന് മത്സ്യത്തൊഴിലാളികൾ ആയിരുന്നു ഉണ്ടായിരുന്നത് അവരെ എല്ലാം തന്നെ പ്രാഥമികമായ ശുശ്രൂഷ നൽകിവിടാൻ കഴിഞ്ഞു. നമ്മുടെ അധികാര പരിധിയിലല്ല ഇത് പൂർണ്ണമായും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധികാര പരിധിയിലാണ് ഈ സ്ഥലം. അതാണ് നോട്ടിഫൈ ഏരിയയെപ്പറ്റി പറഞ്ഞത്. ഡിനോട്ടിഫൈ ചെയ്യുന്നതിനെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യേണ്ട വിഷയമാണ്. അവിടെ നമുക്ക് മണൽ നീക്കം ചെയ്യാൻ കഴിയില്ല. സ്വാഭാവികമായും അപകടം ഉണ്ടാകുന്നതിന്റെ ഒരു കാരണം മണൽ അവിടെവന്ന് അടിയുന്നതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. മത്സ്യബന്ധനം നടത്തിയിട്ടുള്ള യാനങ്ങൾ തകർന്ന് അവിടെ കിടക്കുകയാണ്. ഈ യാനങ്ങൾ മാറ്റാനുള്ള സംവിധാനങ്ങൾ ഫിഷറീസ് വകുപ്പിനില്ല. ഇവിടെ

ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അതിനുള്ള സംവിധാനങ്ങൾ ഒരുക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ ഇപ്പോൾ നമ്മുടെ കൈവശമില്ല. പോർട്ട് ട്രെസ്റ്റുമായി ബന്ധപ്പെട്ടാണ് അത് ചെയ്യേണ്ടത്. അധികാരപരിധി പോർട്ട് ട്രെസ്റ്റിന്റെ കയ്യിലായതുകൊണ്ടും നമുക്ക് ആവശ്യമായ സാങ്കേതിക സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ടും ഇവിടെ നേരിട്ട് ഇടപെടുന്നതിന് ഒരുപാട് പരിമിധിയുണ്ട്. ആ കാര്യം പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം ഗൗരവമായി എടുത്തുകൊണ്ട് കൊച്ചിൻ പോർട്ട് ട്രെസ്റ്റ്, ഫിഷറീസ് ജില്ല ഭരണകൂടം, ദുരന്ത നിവാരണ വിഭാഗം, കേരള മാരിടൈം ബോർഡ് ഹൈഡ്രോഗ്രാഫിംഗ് സർവ്വേ വിഭാഗം ഇവരുടെ ഒരു സംയുക്ത യോഗം മന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് കൊച്ചിയിൽ അടിയന്തിരമായി വിളിച്ച് ചേർക്കുമെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻഷ്വറൻസിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. അത് നമ്മൾ പ്രത്യേകമായി ചർച്ച ചെയ്യുകയാണ്. ഹൃദയസ്തംഭനം അടക്കം വരുന്ന അസുഖം മൂലം കടലിൽ വച്ച് മരിച്ചാൽ ഇപ്പോൾ നമുക്ക് ക്ലെയിം ഇല്ല. അപ്പോൾ അത് എങ്ങനെ നൽകാൻ പറ്റും എന്നതിനെപ്പറ്റി ഇൻഷ്വറൻസ്

കമ്പനികളുമായി ഇപ്പോൾ ചർച്ച ചെയ്യുന്നുണ്ട്. സീ റെസ്ക്യൂ ഗാഡ്സിനെ നിയമിക്കുന്നതിനെപ്പറ്റി ഇന്നലെ എന്റെ മറുപടിയിൽ പറഞ്ഞിരുന്നു. നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ചും ഗൗരവമായി പുതിയ ബില്ലിൽ അത്തരം കാര്യങ്ങൾ വരുന്നുണ്ട്. ഇവിടെ സൂചിപ്പിച്ച അപകടവുമായി ബന്ധപ്പെട്ട ചർച്ച കൊച്ചിൽ തന്നെ ഈ നിയമസഭ സമ്മേളനം കഴിഞ്ഞാലുടൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് തീരുമാനം എടുത്ത് നടപ്പാക്കുമെന്ന കാര്യം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

9. അദ്ധ്യാപക തസ്തികളിലെ ഒഴിവുകൾ നികത്തൽ

ശ്രീ. എ. കെ. എം. അഷറഫ്: സർ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒന്നര വർഷത്തോളമായി സംസ്ഥാനത്തെ അടച്ചിട്ട സ്കൂളുകൾ തുറക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിരവധി അദ്ധ്യാപക തസ്തികൾ ഒഴിഞ്ഞു കിടക്കുകയാണ്. കോവിഡാനന്തരം വിദ്യാലയങ്ങൾ തുറക്കുമ്പോൾ വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്കപ്പെടുന്ന പ്രധാന കാര്യമാണ് അദ്ധ്യാപക ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടില്ലയെന്നത്. പ്രത്യേകിച്ച് പ്രധാനഅദ്ധ്യാപ തസ്തികകൾ ഒഴിഞ്ഞു

കിടക്കുന്നത് സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ അടക്കം താളം തെറ്റുന്ന അവസ്ഥയാണ്. നവംബർ ഒന്നിന് സ്കൂളുകൾ തുറക്കുമ്പോൾ കോവിഡ് പ്രോട്ടോക്കോളും ഇതുമായി ബന്ധപ്പെട്ട സർക്കാരിന്റെ മാഗ്ഗരേഖയ്ക്ക് അനുസൃതമായി ജാഗ്രതയോടെ സ്കൂൾ അന്തരീക്ഷം മുമ്പോട്ട് കൊണ്ടുപോകേണ്ടതിന്റെ മുഖ്യചുമതലവഹിക്കേണ്ട പ്രധാനഅദ്ധ്യാപകരില്ലാത്ത ഒരു വിദ്യാലയത്തിനും സുഗമമായി പ്രവർത്തിക്കാൻ കഴിയില്ലയെന്ന ആശങ്കയിലാണ് എല്ലാവരും ഉള്ളത്. മഞ്ചേശ്വരം എന്റെ മണ്ഡലത്തിലും കാസർഗോഡ് ജില്ലയിലും അദ്ധ്യാപക ക്ഷാമം വളരെ രൂക്ഷമാണ്. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിൽ മലയാളവും ഉറുദവും പഠിപ്പിക്കുന്ന ഒരു പ്രദേശം എന്നുള്ള കാര്യം കൂടി ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ജി.എൽ.പി. മൂസോടി തീരദേശ സ്കൂളിൽ ഒരു ടീച്ചർ മാത്രമാണുള്ളത്. ഹെഡ്മാസ്റ്റർ ഇല്ല. കുമ്പള പഞ്ചായത്തിലെ ഒരു ജി.എഫ്.എൽ.പി. സ്കൂൾ ആരിക്കാട് കടവത്ത് ഒരു ടീച്ചർ മാത്രമെയുള്ളു അവിടെ ഹെഡ്മാസ്റ്റർ ഇല്ല. ജി.ഡബ്ല്യു.എൽ.പി. സ്കൂൾ ആര്യക്കാടിൽ തീരദേശ പ്രദേശമാണ് ഒരു ടീച്ചർ മാത്രമെയുള്ളു അവിടെ ഹെഡ്മാസ്റ്റർ ഇല്ല.

തീരദേശത്തെ സ്ഥിതി ചെയ്യുന്ന വളരെ പാവങ്ങളായ നൂറിലധികം കുട്ടികൾ പഠിക്കുന്ന കോയിപ്പാടി കടപ്പുറം സ്കൂളിൽ ഒരു ടീച്ചർ മാത്രമെയുള്ളൂ അവിടെ ഹെഡ്മാസ്റ്റർ ഇല്ല. സംസ്ഥാനത്തെ ഏക ഗവൺമെന്റ് ഹിന്ദുസ്ഥാനി യു.പി. സ്കൂളിൽ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ഉറുദു പഠിപ്പിക്കുന്ന ഒരു കലാലയം സംസ്ഥാനത്തുള്ളത് എന്റെ മണ്ഡലത്തിലാണ് അവിടെ ഉറുദു പഠിപ്പിക്കാൻ കഴിഞ്ഞ അഞ്ച് വർഷത്തോളമായി അദ്ധ്യാപകർ ഇല്ല. പതിനെഴ് അദ്ധ്യാപകരിൽ പത്ത് പേരും ഇല്ലാത്ത ഒരവസ്ഥയും അവിടെയുണ്ട് ഹെഡ്മാസ്റ്റർ ഇല്ല. സംസ്ഥാനത്തെ മൊത്തം കണക്ക് പരിശോധിക്കുമ്പോൾ 1600 ഓളം ഷോർട്ടേജുകൾ ഉണ്ട്. എന്റെ ജില്ലയിൽ 40 വിദ്യാലയങ്ങൾക്ക് ഹെഡ്മാസ്റ്റർ ഇല്ല. അതോടൊപ്പം എന്റെ ജില്ലയിൽ എന്റെ മണ്ഡലത്തിൽ 200-ൽ അധികം സ്കൂളിൽ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത ഒരവസ്ഥത നിലനിൽക്കുകയാണ്. സ്ഥിര നിയമനത്തിന് സാധിക്കുന്നില്ലെങ്കിലും ദിവസവേതനത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ബഹുമാന്യ മന്ത്രി ഉടൻതന്നെ അതിനിടപെട്ട് ഒരു ഇന്റർവ്യൂ നടത്തി നവംബർ ഒന്നിന് വിദ്യാലയങ്ങൾ തുറക്കുമ്പോൾ മുഴവൻ അദ്ധ്യാപക ഒഴിവുകളും നികത്തുന്നതിന്

പ്രത്യേക ഇടപെടൽ നടത്തണമെന്നുള്ള ഒരപേക്ഷയും പ്രത്യേകിച്ച് കേരളത്തിന്റേയും കർണ്ണാടകത്തിന്റേയും ഒരു അതിർത്തിയായ ഒരു മണ്ഡലമെന്ന നിലയ്ക്കും അതിർത്തി അടച്ച് വലിയ പ്രയാസവും ദുരിതവും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്ന എന്റെ മണ്ഡലത്തിലെ കുട്ടികൾ സാധാരണയായി കന്നഡ, തുളു പ്രദേശമെന്ന നിലയ്ക്ക് അവിടുത്തെ കുട്ടികൾ മംഗലാപുരത്ത് ഒന്നാം ക്ലാസ് മുതൽ പഠിക്കുന്ന കുടുംബങ്ങളുള്ള പ്രദേശമാണ്. പത്താം ക്ലാസ് വരെയും അവിടെ പഠിക്കാറുണ്ട്. ഈ പ്രാവശ്യം അതിർത്തി അടച്ചതിന് ശേഷം പല കേരളത്തിലുള്ള കുടുംബങ്ങളും മംഗലാപുരത്ത് പോയി പഠിക്കാൻ അവർ തയാറല്ല. ആ പ്രയാസവും കൂടി കണക്കിലെടുത്ത് എന്റെ മേഖലയിലെ എന്റെ ജില്ലയിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാനുള്ള നടപടി പ്രത്യേകിച്ച് കലാലയങ്ങളിലെ കുട്ടികൾ പോകുമ്പോൾ ഹെഡ്മാസ്റ്റർ ഇല്ലാത്ത ഒരവസ്ഥ അദ്ധ്യാപകർ ഇല്ലാത്ത ഒരവസ്ഥ പരിഹരിക്കാൻ ഇടപെടണം എന്നുള്ള ഒരഭ്യർത്ഥനയും നടത്തുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷറഫ് ഉന്നയിച്ചത് വളരെ

പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെയാണ്. അദ്ദേഹം ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾ ചോദ്യോത്തരവേളയിൽ മറുപടിയായി സൂചിപ്പിച്ചിട്ടുള്ളതാണ്. കോവിഡ്-19-ന്റെ സാഹചര്യത്തിൽ 2021-22 അദ്ധ്യയനവർഷത്തിലും സ്കൂളുകൾ തുറന്ന് ക്ലാസ്സുകൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം 28/06/2021-ൽ ചേരുകയുണ്ടായി. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 06/07/2021-ലെ ഉത്തരവ് പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സ്സേഷൻ തന്നെ 2020-21, 2021-22 അദ്ധ്യയനവർഷങ്ങളിൽ തുടരാനും അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. അഡ്വൈസിനെ തുടർന്ന് നിയമന ഉത്തരവ് ലഭിച്ചവരെ 15/07/2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണെന്നും നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. 2021-22 വർഷം എയിഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിൽ ഉണ്ടാകുന്ന റിട്ടയർമെന്റ്, രാജി,

പ്രമോഷൻ, മരണം തുടങ്ങിയ ഒഴിവുകളിൽ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15/07/2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണെന്ന് ഉത്തരവായിരുന്നു. പ്രൈമറി സ്കൂളുകളിൽ പ്രധാന അദ്ധ്യാപക നിയമനത്തിന് അൻപത് വയസ്സ് പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ടെസ്റ്റ് യോഗ്യതയിൽ ഇളവ് വരുത്തി വിദ്യാഭ്യാസ അവകാശ നിയമ ഭേദഗതിൽ, പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 16/02/2021-ലെ സർക്കുലർ പ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർ പ്രൊമോഷൻ നടത്തുന്നതിന് നിർദ്ദേശം നൽകിയെങ്കിലും 19/02/2021-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നമ്പർ 441/2021-ലെ വിധിപ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർമാർ പ്രമോഷനുമായി ബന്ധപ്പെട്ട പ്രസ്തുത സർക്കാർ സർക്കുലർ സ്റ്റേ ചെയ്യുകയുണ്ടായി. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് സ്വീകരിച്ച് വരികയാണ്. ആയതിനാൽ പ്രൈമറി പ്രഥമഅദ്ധ്യാപക പ്രമോഷൻ നടത്താൻ പറ്റുന്ന സാഹചര്യമല്ല നിലവിലുള്ളത്. കൂടാതെ പ്രൈമറി അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിലെ അക്കാഡമിക്ക് അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ സീനിയർ

അദ്ധ്യാപകർക്ക് പ്രൈമറി അദ്ധ്യാപകരുടെ ചാർജ്ജ് നൽകിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ മാറ്റിക്കിട്ടുന്നത് അനുസരിച്ച് പ്രധാനഅദ്ധ്യാപക നിയമനങ്ങളും അതിനോടൊപ്പം ഉണ്ടാകുന്ന അദ്ധ്യാപക നിയമനങ്ങളും നടത്തുന്നതാണ്. ഇവിടെ ദിവസ വേതനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചു. ധനകാര്യ വകുപ്പുമായി ആലോചിച്ചുകൊണ്ട് ആ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയും എന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കാം എന്നുള്ള കാര്യമാണ് സൂചിപ്പിക്കാനുള്ളത്.

## 10. കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിർദ്ദിഷ്ട കാഞ്ഞങ്ങാട് -കാണിയൂർ റെയിൽപ്പാത സംബന്ധിച്ചിട്ടുള്ള കാര്യമാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിലെ കാഞ്ഞങ്ങാട് നിന്ന് ആരംഭിച്ച് പാണത്തൂർ വഴി കാണിയൂർവരെയുള്ള പാതയ്ക്ക് സർവ്വേ നടപടികൾ പൂർത്തിയായതാണ്. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ആഗസ്റ്റ് മാസം 10-ാം തീയതി ഇതുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ഞാൻ ബഹു. മന്ത്രിയോട് ചോദിച്ചപ്പോൾ ആ

വിഷയത്തിൽ ഇടപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി, അദ്ദേഹത്തിന് സ്ഥലമറിയാം പ്രദേശമറിയാം അതുകൊണ്ടുതന്നെ അത് യാഥാർഥ്യമാക്കുന്നതിന് ഏറ്റവും സൗകര്യപ്രദമായ ഒരു പാതയാണെന്നത് അംഗീകരിക്കുകയും ചെയ്തതാണ്. അതുകൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നു പറഞ്ഞതുമാണ്. ഇത് കി. മീ. കേരളത്തിന്റെ പ്രദേശത്ത് 41 കിലോമീറ്ററും കർണാടകത്തിന്റെ പ്രദേശത്ത് 50 കി. മീ. ഉൾപ്പെടെയുള്ള 91 കി. മി. വരുന്ന പാതയാണ് ഇവിടെ പ്രധാനപ്പെട്ട പ്രശ്നം. അതിനെ തുടർന്നങ്ങോട്ട് റെയിൽപാത നിലവിൽ ഉണ്ട്. ബംഗളൂരു-ഹസൻ റെയിൽവെ ഉൾപ്പെടെയുള്ള റെയിൽപ്പാതയുണ്ട്. അതുവഴി നമുക്ക് ബംഗളൂരുവിലേയ്ക്ക് 348 കി. മി. മാത്രം സഞ്ചരിച്ചാൽ ഉത്തര കേരളത്തിൽനിന്ന് ബംഗളൂരുവിൽ എത്തിച്ചേരാനുള്ള വഴിയാണ്. നിലവിലുള്ളത് മംഗലാപുരം വഴിയായാലും ഷൊർണ്ണൂർ വഴിയായാലും 600 കി. മീ. സഞ്ചരിച്ച് 12 മണിക്കൂർ എടുത്താൽ മാത്രം എത്തിച്ചേരുന്നതാണ്. കാഞ്ഞങ്ങാട്, പാണത്തൂർ, കാണിയൂർ, സുള്ളിയ, ഹസൻ, ശ്രാവണബലഗോള ബാംഗ്ളൂർ മുതലായ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കേരളത്തിലെ ഒരുപാട്

വിദ്യാർഥികൾ ഈപറയുന്ന കടന്നുപോകുന്ന സുള്ളിയ ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിലെ നമ്മുടെ വിദ്യാർഥികൾ അവിടെ പഠനം നടത്തിക്കൊണ്ടിരിക്കുന്നവരുമാണ്. ഇന്നു വളരെ പ്രയാസപ്പെട്ട രീതിയിലാണ് ഈ പ്രദേശങ്ങളിൽ എത്തിച്ചേരാൻ അവർക്ക് കഴിയുന്നത്. കേരളത്തിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്. കേരളത്തിന് അതിനാവശ്യമായ സമ്മതപത്രം കൊടുത്തിരിക്കുകയാണ്. അതുപോലെതന്നെ അതിനാവശ്യമായ 20 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽതന്നെ കേരളത്തിലെ ഗവൺമെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിരുന്നതാണ്. ഇതിനാകെ ചെലവു വരുന്ന സംഖ്യ പറയുന്നത് 1,450 കോടിയാണ്. 50 ശതമാനം വീതം ഇരുസംസ്ഥാനങ്ങളും വഹിക്കണം എന്നതാണ് റെയിൽവെ നിർദേശിച്ചിട്ടുള്ള കാര്യങ്ങൾ. ഇതു നടപ്പാക്കാൻ കഴിയണമെങ്കിൽ ഇന്നത്തെ നിലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം കേരള കർണ്ണാടക ഗവൺമെന്റുകൾ തമ്മിൽ ഇതുസംബന്ധിച്ച് ഉന്നതതല യോഗം ചേർന്ന് ആലോചനകൾ നടത്തി തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അത്രയും നീക്കങ്ങൾ ഈ കാര്യത്തിൽ കർണ്ണാടകയുടെ ഭാഗത്തു

ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ കർണ്ണാടക സംസ്ഥാന ഗവൺമെന്റുമായി ഉന്നതതലത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റ് കൂടിയാലോചിച്ച് ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻകയ്യെടുക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. ഉന്നയിച്ച ഈ സബ്മിഷൻ കേരള ഗവൺമെന്റ് ഏറ്റവും പ്രാധാന്യത്തോടെ കാണുന്ന ഒരു പദ്ധതിയാണ്. കേരള, കർണ്ണാടക സംസ്ഥാനങ്ങളിലുൾപ്പെടുന്ന നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ റെയിൽവേപാത ഈ പാതയുടെ ആകെ നീളം 90.5 കിലോമീറ്ററാണ്. 2014 - 2015 സാമ്പത്തികവർഷത്തിലാണ് പാതയുടെ സർവ്വേ നടപടികൾക്ക് റെയിൽവേ അനുമതി നൽകിയത്. 13,081.57 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പ്രതിവർഷ വരുമാന സാധ്യതയുടെ നിരക്ക് റേറ്റ് ഓഫ് റിട്ടേൺ നെഗറ്റീവ് 5.35 ശതമാനമാണ്. ഈ പദ്ധതി നിലവിൽ റെയിൽവേ ബോർഡിന്റെ പരിഗണനയിലുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള

അർത്ഥനാപത്രങ്ങളൊന്നും റെയിൽവേ ഇതുവരെ നൽകിയിട്ടില്ല എന്നാണ് കാസർഗോഡ് ജില്ലാ കളക്ടർ ഇപ്പോൾ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി റെയിൽവേ ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ചീഫ് സെക്രട്ടറി തലത്തിലും ചർച്ചകൾ നടന്നുവരികയാണ്. കേരളത്തിൽ ഇത്തരത്തിലുള്ള മൈസൂർ നഞ്ചൻകോട് അടക്കമുള്ള പാതകളുടെ പൂർത്തീകരണമാണ് സംസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കർണ്ണാടകയുമായി കൂടുതൽ ചർച്ചകൾക്ക് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

**അനുബന്ധം**

**ശ്രീ. കെ. ബാബു എം.എൽ.എ. (തൃപ്പൂണിത്തുറ) ഉന്നയിച്ച ഭൂമി തരംമാറ്റ അപേക്ഷ എന്ന സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിയിലെ അനുബന്ധം.**

| Sl.No. | Name of RDO | Total 27(a)application pending | Total 4(d)application pending | Total application pending |
|---|---|---|---|---|
| 1 | Thiruvananthapuram | 1704 | 323 | 2027 |
| 2 | Nedumangad | 522 | 313 | 835 |
| 3 | Kollam | 4352 | 1791 | 6143 |
| 4 | Punalur | 943 | 810 | 1753 |
| 5 | Thriruvalla | 889 | 718 | 1607 |
| 6 | Adoor | 1100 | 249 | 1349 |
| 7 | Chengannoor | 4314 | 2840 | 7154 |
| 8 | Alappuzha | 2066 | 424 | 2490 |
| 9 | Kottayam | 826 | 86 | 912 |
| 10 | Pala | 706 | 332 | 1038 |
| 11 | Devikulam | 369 | 35 | 404 |
| 12 | Idukki | 449 | 8 | 457 |
| 13 | Muvattupuzha | 5963 | 1919 | 7882 |
| 14 | Fort Kochi | 7092 | 6358 | 13450 |
| 15 | Thrissur | 3355 | 165 | 3520 |
| 16 | iringalakuda | 1732 | 380 | 2112 |
| 17 | Palakkad | 351 | 964 | 1315 |
| 18 | Ottappalam | 186 | 421 | 607 |
| 19 | Perintalmanna | 1754 | 1275 | 3029 |
| 20 | Tirur | 4000 | 2298 | 6298 |
| 21 | Kozhikkode | 1118 | 796 | 1914 |
| 22 | Vadakara | 2397 | 1216 | 3613 |
| 23 | Mananthavady | 375 | 321 | 696 |
| 24 | Thalassery | 593 | 193 | 786 |
| 25 | Taliparamba | 2619 | 1077 | 3696 |

| | | | | |
|---|---|---|---|---|
| 26 | Kanjangad | 768 | 2221 | 2989 |
| 27 | Kasargod | 359 | 106 | 465 |
| | **TOTAL** | **50902** | **27639** | **78541** |

**അനുബന്ധം**

ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷനിൽ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നൽകിയ മറുപടി

മണ്ണാർക്കാട് നിയോജകമണ്ഡലം അട്ടപ്പാടി കോട്ടത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഷോളയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിക്ക് 30.03.2017-ലെ സ.ഉ. (സാധാ) നമ്പർ 1003/2017/തസ്വഭവ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പദ്ധതിക്ക് 25.09.2017-ലെ തീയതിയിൽ 73618/17-18 നമ്പർ പ്രകാരം സാങ്കേതിക അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 08.11.2017 തീയതിയിൽ 166/17-18/EE/LSGD/DP/PKD നമ്പർ പ്രകാരം 54,31,753/- രൂപയ്ക്ക് കരാർ ഉടമ്പടി വച്ചിട്ടുള്ളതും തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാറുകാരന് 13.11.2017 തീയതിയിൽ സൈറ്റ് കൈമാറിയിട്ടുള്ളതുമായിരുന്നു. ലിഫ്റ്റ് ഇറിഗേഷൻ ബന്ധപ്പെട്ട കിണർ പണി മാത്രമാണ് കരാറുകാരൻ 09.04.2018-ന് പൂർത്തീകരിച്ചിരുന്നത്.

തുടർന്ന് 31.03.2019 വരെ സമയം നീട്ടി നൽകണമെന്ന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. പൂർത്തീകരിച്ച പ്രവർത്തികളുടെ ബിൽ തുക 3,65,435/- രൂപയാണ്. തുടർന്ന് നടപ്പാക്കേണ്ടിയിരുന്നത് ടി പദ്ധതിയിലെ പൈപ്പ് ലൈൻ സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവർത്തികളുമായിരുന്നു.

പദ്ധതിയിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന എസ്റ്റിമേറ്റ് ഇനം കേരള പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിന്റെ വശത്തുകൂടെ ആയതിനാൽ പൈപ്പ് ഇടുന്നതിനായി വകുപ്പിൽ നിന്നുള്ള അനുവാദവും റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ തുക ഒടുക്കേണ്ടതായും ഉണ്ടായിരുന്നു. റോഡ് റെസ്റ്റോറേഷൻ അനുമതിക്കായി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് 26.06.2018 തീയതിയിൽ അപേക്ഷ നൽകിയതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും റെസ്റ്റോറേഷൻ ചാർജ്ജ് തുക 5,59,726/- രൂപ അടയ്ക്കുന്നതിനായി 31.08.2018-ൽ അറിയിപ്പ് ലഭിച്ചു. തുടർന്ന് 2018-ലെ പ്രളയം മൂലം പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവർത്തികൾ നടപ്പാക്കാൻ സാധിച്ചില്ല. പിന്നീട് 2019

പ്രളയത്തിൽ 09.08.2019 തീയതിയിൽ ശിരുവാണി പുഴയിൽ വെള്ളം ഉയർന്നതിനെ തുടർന്നുണ്ടായ ശക്തമായ നീരൊഴുക്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിരുന്ന കിണർ പൂർണ്ണമായും ഒലിച്ചുപോയി.

റെസ്റ്റൊറേഷൻ ചാർജ്ജ് തുക പുനർനിർണ്ണയം നടത്തി 5,45,173/- രൂപയായി കുറച്ചുകൊണ്ടുള്ള കത്ത് 10.08.2020 തീയതിയിൽ ലഭിച്ചതിനെ തുടർന്ന് പുതുക്കിയ തുക 17.08.2020 തീയതിയിൽ പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുള്ളതും തുടർ പ്രവർത്തികൾ നടത്തുന്നതിനായി മണ്ണാർക്കാട്/അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

DSR നിരക്കുകളിൽ വന്ന വ്യതിയാനങ്ങൾമൂലം പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യത്തിൽ കരാർ ഉടമ്പടിയിൽനിന്നും ഒഴിവാക്കുന്നതിനായി കരാറുകാരനായ ശ്രീ. പി. വി. ശിവദാസ് 30.01.2019 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതാണ്.

പ്രളയത്തിൽ ടി പദ്ധതിയിലെ നഷ്ടപ്പെട്ട ജലസ്രോതസ് പുനർനിർമ്മിക്കുന്നതിനും പൈപ്പ് സ്ഥാപിക്കലിനുമായി മണ്ണാർക്കാട് അട്ടപ്പാടി

ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 24.09.2021 തീയതിയിൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയായ 75 ലക്ഷം രൂപയിൽ അധികരിക്കാതെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മണ്ണാർക്കാട് നിയോജക മണ്ഡലം എം.എൽ.എ.യുടെ ശിപാർശ സഹിതം പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നത് 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30.03.2017-ലെ സ.ഉ. (സാധാ) നമ്പർ 1003/2017/തസ്വഭവ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തിയാണ്. ടി പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ട്. 2016-17-ലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി പുതുക്കുവാനുള്ള കാലവധിയും കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക്

ഇക്കാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്.